## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 678 — 27.04.2017-ന് മറുപടിയ്ക്ക്

## പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഇ. കെ. വിജയൻ** | **ശ്രീ. എ.കെ. ബാലൻ**<br>(പട്ടികജാതി - പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) |
| (എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കാമോ ; | (എ) കേരളത്തിലെ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിയാണ് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ 1995 -ൽ ആരംഭിച്ചത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കി വരുന്നത്. സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ വായ്പ, മൈക്രോ ക്രെഡിറ്റ് / മഹിളാ സമൃദ്ധി യോജന, വിവാഹ വായ്പ പദ്ധതി, വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള വായ്പ, സുവർണ്ണശ്രീ വായ്പ, വിദ്യാശ്രീ വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസ്സിനസ്സ് ഡവലപ്പ്മെന്റ് വായ്പ, വ്യക്തിഗത വായ്പ, കൺസ്യൂമർ ഡ്യൂറബിൾ, വാഹന വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ എന്നിവയാണ് കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ. വായ്പാ പദ്ധതികൾക്ക് പുറമേ തൊഴിലധിഷ്ഠിത പരിശീലനം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, വിപണന മേളകൾ (BCDC EXPO) തുടങ്ങിയ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടത്തി വരുന്നുണ്ട്.<br>ഒ.ബി.സി. വിഭാഗങ്ങൾക്ക് വേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നോക്ക |

(....2)

| | |
|---|---|
| | വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC) -യും മത ന്യൂനപക്ഷ വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC) -യും ധന സഹായമുപയോഗിച്ചാണ് നടപ്പിലാക്കി വരുന്നത്. |
| (ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ ; | (ബി) കേരളത്തിലെ മറ്റ് പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരാണ് കോർപ്പറേഷന്റെ ഗുണഭോക്താക്കൾ. |
| (സി) കോർപ്പറേഷനിൽ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (സി) കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## കോർപ്പറേഷൻ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ

| | | |
|---|---|---|
| 1 | സ്വയം തൊഴിൽ വായ്പ | പുതുതായി സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് |
| 2. | വിദ്യാഭ്യാസ വായ്പ | പ്രൊഫഷണൽ/ ടെക്നിക്കൽ കോഴ്സുകൾക്ക് ഇന്ത്യയിലും വിദേശത്തും പഠിക്കുന്നതിന് |
| 3. | മൈക്രോ ക്രെഡിറ്റ് / മഹിളാസമൃദ്ധിയോജന | കുടുംബശ്രീ സിഡിഎസുകൾക്കും സന്നദ്ധസംഘടനകൾക്കും കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് സംയുക്ത / വ്യക്തിഗത സംരംഭങ്ങൾ ആരംഭിക്കുന്നതിന്. |
| 4. | വിവാഹ വായ്പ പദ്ധതി | പെൺകുട്ടികളുടെ വിവാഹ ചെലവുകൾ വഹിക്കുന്നതിനുള്ള വായ്പ പദ്ധതി. |
| 5. | വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള വായ്പ | വിദേശത്ത് ജോലി ലഭിക്കുന്നവർക്ക് യാത്രാ-വിസ ചെലവുകൾ വഹിക്കുന്നതിനുള്ള വായ്പാ പദ്ധതി. |
| 6. | സുവർണ്ണശ്രീ വായ്പ | ബഹുവിധ ആവശ്യങ്ങൾക്ക് (ഗൃഹപുനരുദ്ധാരണം, കമ്പ്യൂട്ടർ വാങ്ങൽ, കൃഷി ഭൂമി വാങ്ങൽ, ബയോഗ്യാസ് പ്ലാന്റ്, സോളാർ പാനൽ സ്ഥാപിക്കൽ, മാലിന്യ സംസ്ക്കരണ സംവിധാനമുണ്ടാക്കൽ തുടങ്ങിയ ഏത് ആവശ്യങ്ങൾക്കും) നൽകുന്ന വായ്പ. |
| 7. | വിദ്യാശ്രീ വായ്പ | പ്രൊഫഷണൽ/ ടെക്നിക്കൽ / വൊക്കേഷണൽ / ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്നതിന് നൽകുന്ന വിദ്യാഭ്യാസ വായ്പ. കോഴ്സിന്റെ കാലാവധി ചുരുങ്ങിയത് ഒരു വർഷമെങ്കിലും ഉണ്ടായിരിക്കണം. |
| 8. | പ്രവർത്തന മൂലധന വായ്പ | കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനുശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർത്ഥം നൽകുന്ന വായ്പ. |
| 9. | ബിസിനസ്സ് ഡവലപ്മെന്റ് വായ്പ | ഒരു സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് 2 വർഷം കഴിഞ്ഞവർക്ക് നിലവിലുള്ള സംരംഭം വികസിപ്പിക്കുന്നതിന് നൽകുന്ന വായ്പ. |
| 10. | വ്യക്തിഗത വായ്പ | വ്യക്തിപരമായ ഏതു ആവശ്യങ്ങൾക്കും നൽകുന്ന വായ്പ. |
| 11. | കൺസ്യൂമർ ഡ്യൂറബിൾ | കൺസ്യൂമർ ഡ്യൂറബിൾ (ഫർണിച്ചർ, ഗൃഹോപകരണങ്ങൾ, സ്വർണ്ണാഭരണങ്ങൾ എന്നിവ) വാങ്ങുന്നതിനുള്ള വായ്പ |
| 12. | വാഹന വായ്പ | ടൂവീലർ / ഫോർവീലർ എന്നിവ വാങ്ങുന്നതിനുള്ള വായ്പ |
| 13. | ഗൃഹ പുനരുദ്ധാരണ വായ്പ | ഗൃഹ പുനരുദ്ധാരണത്തിന് നൽകുന്ന വായ്പ. ഗൃഹം അപേക്ഷകന്റേയോ ഭാര്യയുടേയോ / ഭർത്താവിന്റേയോ പേരിലായിരിക്കണം |

# വായ്പാ പദ്ധതികൾ

മറ്റു പിന്നോക്ക വിഭാഗങ്ങൾക്കായുള്ള (OBC) പദ്ധതികൾ - NBCFDC പദ്ധതികൾ

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 2. വനിതകൾക്കായുള്ള പ്രത്യേക സ്വയം തൊഴിൽ വായ്പ (ന്യൂ സ്വർണ്ണിമ) | 1 ലക്ഷം രൂപ | 5% |
| 3. സാക്ഷം (പ്രൊഫഷണൽ വിദ്യാഭ്യാസം നേടിയ വർക്കുള്ള സ്വയം തൊഴിൽ പദ്ധതി | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 4. ശില്പ സമ്പദ (കരകൗശല മേഖലയിൽ പ്രവർത്തിക്കുന്നവർക്ക്) | 10 ലക്ഷം രൂപ | 5 ലക്ഷം രൂപ വരെ - 6%<br>5 ലക്ഷത്തിനുമുകളിൽ - 7% |
| 5. കൃഷിസമ്പദ | 50,000 രൂപ | 4 % |
| 6. വിദ്യാഭ്യാസ വായ്പാ പദ്ധതി | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 4%<br>പെൺകുട്ടികൾക്ക് - 3.5% |
| 7. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ<br>NGO-യ്ക്ക് പരിധി ഇല്ല. | NGO/CDS-3.50%,<br>SHGക്ക്-5% |
| 8. മഹിളാ സമൃദ്ധി യോജന (വനിതകൾക്കുള്ള ലഘു വായ്പ) | CDS-കൾക്ക് പരമാവധി 1 കോടി രൂപ | CDS-2.50%, SHGക്ക്-4% |

**മതന്യൂനപക്ഷങ്ങൾക്കുള്ള പദ്ധതികൾ (മുസ്ലീം, കൃസ്ത്യൻ, സിക്ക്, പാഴ്സി, ബുദ്ധ, ജൈനമത വിഭാഗങ്ങൾക്ക്) NMDFC പദ്ധതികൾ**

| പദ്ധതിയുടെ പേര് | പരമാവധി വായ്പാ തുക | പലിശ നിരക്ക് |
|---|---|---|
| 1. സ്വയം തൊഴിൽ പദ്ധതി - 1<br>**(ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 20 ലക്ഷം രൂപ | 6% |
| 2. സ്വയം തൊഴിൽ പദ്ധതി - 2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | 30 ലക്ഷം രൂപ | പുരുഷൻ - 8%<br>സ്ത്രീ - 6% |
| 3. ലഘുവായ്പാ പദ്ധതി (സന്നദ്ധ സംഘടനകൾ / CDS വഴി നൽകുന്ന വായ്പ) | CDS/NGO-50 ലക്ഷം രൂപ | NGO/CDS-3.50%,<br>SHG-5% |
| 4. വിദ്യാഭ്യാസ വായ്പാ പദ്ധതി-1<br>**ഗ്രാമങ്ങളിൽ 81,000/- രൂപയിലും, നഗരങ്ങളിൽ 1,03,000/- രൂപയിലും താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്** | ഇന്ത്യയ്ക്ക് അകത്ത് പഠിക്കുന്നതിന് 10 ലക്ഷം രൂപ (പ്രതിവർഷം 2 ലക്ഷ രൂപ)<br>വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ) | 3% |
| 5. വിദ്യാഭ്യാസ വായ്പാ പദ്ധതി-2<br>**(6 ലക്ഷം രൂപയിൽ താഴെ കുടുംബവാർഷിക വരുമാനമുള്ളവർക്ക്)** | ഇന്ത്യയിൽ പഠിക്കുന്നതിന് 20 ലക്ഷം രൂപ (പ്രതി വർഷം 4 ലക്ഷം രൂപ)<br>വിദേശത്ത് പഠി ക്കുന്നതിന് 30 ലക്ഷം രൂപ (പ്രതി വർഷം 6 ലക്ഷം രൂപ) | ആൺകുട്ടികൾക്ക് - 8%<br>പെൺകുട്ടികൾക്ക് - 5% |

**KSBCDC** ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന **വായ്**പാ പദ്ധതികൾ (ഒ.ബി.സി.-മതന്യൂനപക്ഷ വിഭാഗങ്ങൾക്ക്)

| പദ്ധതിയുടെ പേര് | **പരമാവധി വായ്**പാ തുക | പലിശ നിരക്ക് | കുടുംബ വാർഷിക വരുമാന പരിധി |
|---|---|---|---|
| 1. പെൺകുട്ടികളുടെ വിവാഹ വായ്പാ പദ്ധതി | 2 ലക്ഷം രൂപ | 6% | 1.03 ലക്ഷം രൂപയിൽ താഴെ |
| 2. വിദേശത്ത് ജോലി നേടി പോകുന്നവർക്കുള്ള വായ്പ | 2 ലക്ഷം രൂപ | 8% | 1.03 ലക്ഷം രൂപയിൽ താഴെ |
| 3. സുവർണ്ണ ശ്രീ വായ്പ (ബഹുവിധ ആവശ്യങ്ങൾക്ക്) | 2 ലക്ഷം രൂപ | 9% | 1.03 ലക്ഷം രൂപയിൽ താഴെ |
| 4. പ്രവർത്തന മൂലധന വായ്പ | 3 ലക്ഷം രൂപ | 8% | 1.03 ലക്ഷം രൂപയിൽ താഴെ |
| 5. ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ | 3 ലക്ഷം രൂപ | 9% | 1.03 ലക്ഷം രൂപയിൽ താഴെ |
| 6. വിദ്യാശ്രീ വായ്പ | 2 ലക്ഷം രൂപ | 6% | 1.03 ലക്ഷം രൂപയിൽ താഴെ |
| 7. കൺസ്യൂമർ ഡ്യൂറബിൾ വായ്പ | 2 ലക്ഷം രൂപ | 10% | 6 ലക്ഷം രൂപയിൽ താഴെ |
| 8. വാഹന വായ്പ | 6 ലക്ഷം രൂപ | 9% | 6 ലക്ഷം രൂപയിൽ താഴെ |
| 9. ഗൃഹ പുനരുദ്ധാരണ വായ്പ (സ്വന്തഗൃഹ) | 5 ലക്ഷം രൂപ | 10% | 6 ലക്ഷം രൂപയിൽ താഴെ |
| 10. വ്യക്തിഗത വായ്പ | 3 ലക്ഷം രൂപ | 11% | 6 ലക്ഷം രൂപയിൽ താഴെ |

**പ്രായ പരിധി**

| ക്രമ നമ്പർ | **പദ്ധതിയുടെ പേര്** | പ്രായ പരിധി |
|---|---|---|
| 1 | സ്വയം തൊഴിൽ, സുവർണ്ണശ്രീ, പ്രവർത്തന മൂലധനം, ബിസിനസ്സ് ഡെവലപ്മെന്റ് | 18-55 |
| 2 | വിവാഹ വായ്പ, വാഹന വായ്പ കൺസ്യൂമർ ഡ്യൂറബിൾ വായ്പ, സ്വന്തഗൃഹ വായ്പ | 18-60 |
| 3 | വിദേശ ജോലി വായ്പ | 18-50 |
| 4 | വിദ്യാഭ്യാസ വായ്പ പദ്ധതി, വിദ്യാശ്രീ | 16-32 |
| 5 | മൈക്രോ ക്രെഡിറ്റ് വായ്പ / മഹിളാ സമൃദ്ധി യോജന | പ്രായ പരിധി ഇല്ല |

**തിരിച്ചടവ് കാലാവധി ( മാസ തവണകൾ)**

| വായ്പ തുക | NBCFDC പദ്ധതികൾ | NMDFC പദ്ധതികൾ | KSBCDC പദ്ധതികൾ |
|---|---|---|---|
| 2 ലക്ഷം രൂപ | 60 | 60 | 60 |
| 2 ലക്ഷത്തിനു മുകളിൽ 5 ലക്ഷം രൂപ വരെ | 72 | 60 | 72 |
| 5 ലക്ഷത്തിനു മുകളിൽ | 84 | 60 | 84 |
| മൈക്രോ ക്രെഡിറ്റ്, മഹിളാ സമൃദ്ധി യോജന | 36 | 36 | ബാധകമല്ല |
| കൃഷി സമ്പദ | 48 | - | - |

2/

സെക്ഷൻ ഓഫീസർ